LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ വികസനവും ക്ഷേമവും ലക്ഷ്യമാക്കി നിരവധി പദ്ധതികൾ ബഡ്ജറ്റുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രഖ്യാപിച്ച പദ്ധതികളിൽ മിക്കവയും നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും പല പദ്ധതികളും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് ചില പദ്ധതികളുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയാണ്. എന്നാൽ നാളിതുവരെ യാതൊരു നടപടികളും സ്വീകരിക്കാത്ത പദ്ധതികളുമുണ്ട്. അത്തരത്തിലുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി കാണിച്ചിരിക്കുന്നു.*

വിരമിക്കുന്ന സർക്കാർ ജീവനക്കാരുടെ ആനുകൂല്യം നൽകൽ

182 (528) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും എണ്ണം വ്യക്തമാക്കാമോ ;

(ബി) ഇവരിൽ 2015, 2016 സാമ്പത്തിക വർഷങ്ങളിൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാരും അധ്യാപകരും എത്രയെന്നു ലഭ്യമാക്കാമോ ;

(സി) വിരമിക്കുന്ന ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷൻ കമ്മ്യൂട്ടേഷൻ ഉൾപ്പെടെ എല്ലാ ആനുകൂല്യങ്ങളും നല്കുന്നതിന് 2015, 2016 വർഷങ്ങളിൽ ആവശ്യമായി വരുന്ന ശരാശരി തുക വ്യക്തമാക്കാമോ ?

ഉത്തരം

(എ) SPARK Data base-ലെ 3-3-2015-ലെ കണക്കുകൾ അനുസരിച്ച് ആകെ ജീവനക്കാരുടെ എണ്ണം 484498 (നാലു ലക്ഷത്തി എൺപത്തി നാലായിരത്തി നാനൂറ്റി തൊണ്ണൂറ്റി എട്ട് മാത്രം) ആണ്.

(ബി) ഇവരിൽ 2015-2016 സാമ്പത്തിക വർഷങ്ങളിൽ സർവ്വീസിൽനിന്നും വിരമിക്കുന്ന ജീവനക്കാരുടെയും അധ്യാപകരുടെയും എണ്ണം താഴെ സൂചിപ്പിക്കും പ്രകാരമാണ് :

2015 - 25819

2016 - 20045

(സി) 2015-2016 സാമ്പത്തിക വർഷങ്ങളിൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷൻ കമ്മ്യൂട്ടേഷൻ ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും നൽകുന്നതിനുള്ള ശരാശരി തുക കണക്കാക്കപ്പെട്ടിട്ടില്ല

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.